CHURCH WEEKLY

JANUARY 2026

പ്രതീക്ഷകളുടെ പുതുവർഷം

കവർസ്റ്റോറി

ഹരിതമാനസം

തെരേസ സെബാസ്റ്റ്യൻ

പുതുവർഷ ചിന്തകൾ

പ്രതീക്ഷയുടെ പുതുവർഷം

എം. ജെ. ജിൻസ്

പുതുവർഷം: കാലവും മനുഷ്യനും തമ്മിൽ ഒരു നിശ്ശബ്ദ സംവാദം

അഖില സി. ആർ.

Letting Go, Gently

Ninan Joseph

Messages : at Christmas, New Year, and Beyond

Dr. Varghese John

An Ecumenical Publication from

THE ALWAYE FELLOWSHIP HOUSE

Church Weekly

Vol. 80
Issue 1
January 2026

An Ecumenical Publication from
THE ALWAYE FELLOWSHIP HOUSE

80th Year of Publication
FOUNDER CHIEF EDITOR : Sri. N.M. ABRAHAM
First Published : December 1946

EDITORIAL BOARD
Dr. M.I. Punnoose
0484-2603260
(Chief Editor)
Kuruvilla M. George IRS (Retd)
Prof. Abraham Mathew
Prof. M.T. Saramma
Santhosh Oommen
Dr. Annie David
Prof. Suseela Alexander
Dr. George Eipe
K.O. Elias
Dr. Saju Mathew
Dr. Jacob Elias

ADVISOR
K.V. Mammen

CIRCULATION MANAGER
Fr. John K. Jacob
Mob : 7012042618

DISCLAIMER
The Alwaye Fellowship House is not responsible for the contents of the articles or the genuineness of the advertisements published in the Church Weekly.

Sri K.C. Chacko
Founder of the Church Weekly (1946)

CHURCH WEEKLY
C/o The Alwaye Fellowship House
Union Christian College P.O.
Alwaye - 683 102,
Kerala, South India.
Ph : 0484-2605630, 2606986

E-mail : churchweeklyafh@gmail.com
fellowshiphse@gmail.com
Chief Editor : mip68.afh@gmail.com
Website
www.alwayefellowshiphouse.com

SUBSCRIPTION RATES

	Inside India
Single Issue	₹ 15.00
Annual	₹ 150.00
10 years	₹ 1,500.00
Life (Patron)	₹ 10,000.00
	Outside India
Annual	USD 10
10 years	USD 100
Life (Patron)	USD 1,000

Bank of India - UC College Branch
A/c No. : 856610100002771
AFH - Church Weekly
IFS Code : BKID 0008566

- *Articles, Advertisements and Letters may be sent to the Chief Editor. Photos and matrimonial requests are also welcome. (Full page Rs.1000, Half page Rs.500)*
- *All correspondence regarding subscription enquiries may be sent to the Circulation Manager.*

Read... Subscribe... Recommend...

മഹദ്‌വചനം



"Time stays long enough for anyone who will use it"

Leonardo da Vinci

ഇന്ന പുകത്തിൽ

4	*Fellowship News*		
5	*മുഖമൊഴി*	**പ്രതീക്ഷകളുടെ പുതുവർഷം: ആശങ്കകളുടെ കാർമേഘങ്ങളും**	
6	*സമകാലികം*	**പ്രതീക്ഷയുടെ പുതുവർഷം**	*M.J. Jince*
7	*വഴിവിളക്ക്*	**വാക്കിന്റെ ശക്തിയും വ്യാപ്തിയും**	*Fr. Johney George Cor-Episcopa*
9	*കവർസ്റ്റോറി*	**ഹരിതമാനസം**	*Theresa Sebastian*
11	*ബൈബിൾ ചിന്ത*	**ദൈവകൃപ എങ്ങനെ ലഭിക്കും?**	*Dr. Jacob Oommen*
12	*പ്രശ്നോത്തരി*	**പുതുവത്സര പ്രശ്നോത്തരി**	*Sabu George Kadammanitta*
13	*സാഹിത്യം*	**ബൈബിളിൽനിന്ന് ആദ്യഗാനം**	*K.V. Anilkumar*
15	*സാമൂഹികം*	**പുതുവർഷം: കാലവും മനുഷ്യനും തമ്മിൽ ഒരു നിശ്ശബ്ദ സംവാദം**	*Akhila C.R.*
17	*കവിത*	**പുലരി**	*Fr. Dr. K.M. George*
19	*കവിത*	**തിരിച്ചറിവ്**	*Vishal Johnson*
21	*Reflections*	**The Prophecies of Ezekiel**	*Dr. Jyothi Mariam John*
24	*Insight*	**Letting Go, Gently**	*Ninan Joseph*
26	*Poem*	**Snow**	*Mrs. Aleyamma Koshy*
27	*Life Cycle*	**The Four Stages of OLD AGE**	*Leela Kuruvila*
28	*Faithline*	**Christian Marrying Non - Christian: A Call to Discernment and Faithfulness**	*Fr. Sam Oommen Panackamattam*
31	*Life & Living*	**Messages: at Christmas, New Year, and Beyond**	*Dr. Varghese John*
33	*Focus*	**A reflection on ENOUGH**	*Rev. Dr. M.J. Joseph*
35	*Last Page*	**THE LAYMAN LOOKS AT THE BIBLE - INTRO**	*M.G. Kuruvilla*

Christmas Celebration:

The Christmas celebrations at Fellowship House were held on December 23 from 5:00 PM to 7:00 PM at M. Thommen Hall. The Christmas carol service presented by the Aluva Fellowship House Ecumenical Choir was of a high standard. The choir was trained by the renowned music director Mr. Nice John. The Vicar of Aluva CSI Church, Rev. Mervin Shinoj Boas, delivered the Christmas message. This was followed by a Bible drama presented by the Chacko Homes Theatre, which added color to the celebration.

New Year Get - together

Fellowship House organised a New Year Get-Together on 1st January 2026. The choir members of Chacko Homes rendered devotional songs. Mr. Kuruvilla M. George delivered the New Year message. Karaoke songs, dance performances and memory sharing presented by the residents of Chacko Homes added vibrancy to the program.

One-Day Picnic

A one-day picnic was organized under the auspices of Fellowship House on January 5. The residents of Chacko Homes and friends of Fellowship House participated in a scenic water journey from Kochi to Vaikom.

• മുഖമൊഴി •

പ്രതീക്ഷകളുടെ പുതുവർഷം: ആശങ്കകളുടെ കാർമേഘങ്ങളും

പ്രതീക്ഷകളും സ്വപ്നങ്ങളും സമ്മാനിച്ച് ഒരു പുതുവർഷം കൂടി പിറന്നിരിക്കുന്നു. പുതുവർഷം എപ്പോഴും ഒരു പുതിയ തുടക്കമാണ്. 365 പേജുകളുള്ള ഒരു പുതിയ ബുക്ക് തുറക്കുന്നതു പോലെയാണ് പുതുവർഷം പിറക്കുന്നതെന്നും ആദ്യപേജിൽ നല്ല തെഴുതി തുടങ്ങാമെന്നും ബ്രാഡ് പ്രെയ്സ്ലി (Brad Praisley) നിരീക്ഷിക്കുന്നുണ്ട്. തെറ്റും ശരികളും എഴുതി നിറച്ച പഴയ ബുക്ക് മടക്കിവെച്ച് പുതിയ കഥകളും അനുഭവങ്ങളും കാഴ്ചപ്പാടുകളും എഴുതാനുള്ള പുതുവർഷ നോട്ട്ബുക്ക് നമുക്ക് സന്തോഷത്തോടെ തുറക്കാം. നിത്യസ്രവന്തിയായ കാലപ്രവാഹത്തിൽ 365 ദിവസങ്ങളുടെ ദിനസരി നിസ്സാരമായ കാലഗണനയാണെന്നു കരുതാമെങ്കിലും ശരാശരി എഴുപതു വർഷങ്ങളുടെ മനുഷ്യായുസ്സിൽ ഓരോ വർഷങ്ങളുടെയും നോട്ട്ബുക്കിന് വലിയ പ്രാധാന്യമുണ്ട്. മുൻവർഷങ്ങളുടെ ശരിതെറ്റുകളിൽ നിന്ന് പാഠമുൾക്കൊണ്ടു മുന്നോട്ടു പോകാനുള്ള ത്യാജ്യഗ്രാഹ്യ വിവേചനശക്തിയാണ് പുതുവർഷങ്ങളുടെ പ്രസക്തി നിർണ്ണയിക്കുന്നത്.

പുതുവർഷ പ്രതീക്ഷകൾക്കിടയിൽ ആശങ്കകളുടെ കാർമേഘങ്ങളെക്കുറിച്ച് പ്രതിപാദിക്കേണ്ടിവരുന്നത് നിരാശാജനകമാണ്. എന്നാൽ ഇക്കഴിഞ്ഞ ക്രിസ്തുമസ് കാലത്ത് ഇന്ത്യയിലെമ്പാടും ക്രൈസ്തവർക്കെതിരെ അരങ്ങേറിയ അക്രമ സംഭവങ്ങളാണ് പ്രതീക്ഷകളുടെ ചക്രവാളങ്ങളിൽ ആശങ്കകളുടെ കാർമേഘങ്ങൾ നിറയ്ക്കുന്നത്. മുമ്പൊരിക്കലും കണ്ടിട്ടില്ലാത്തത്ര പകയും വിദ്വേഷവുമാണ് ക്രിസ്മസ് ആഘോഷങ്ങൾക്ക് നേരേയുണ്ടായത്. അസ്സമിലെ നൽബാരി ജില്ലയിലും ഛത്തീസ്ഘട്ടിലെ റെയ്പൂർ ജില്ലയിലും ഉത്തർപ്രദേശിലെ ബെറെയ്ലി ജില്ലയിലും ക്രിസ്ത്യൻ ദേവാലയങ്ങളും സ്ഥാപനങ്ങളും ആക്രമിക്കപ്പെട്ടു. കരോൾസംഘങ്ങൾക്കു നേരെ ഡൽഹിയിലും ഒറീസ്സയിലും കേരളത്തിൽ പോലും ആക്രമണങ്ങളുണ്ടായി. ക്രിസ്മസ് ദിനത്തിൽ പ്രധാനമന്ത്രി ഡൽഹിയിലെ ക്രിസ്ത്യൻ ദേവാലയത്തിൽ കൈകൂപ്പിനിന്ന് പ്രാർത്ഥിക്കുന്ന മനോഹര ദൃശ്യം കണ്ടുകൊണ്ടിരിക്കുമ്പോൾ തന്നെയാണ് മദ്ധ്യപ്രദേശിലെ ജബൽപൂരിൽ ഭിന്നശേഷിക്കാരിയായ യുവതി ക്രിസ്മസ് ആഘോഷത്തിനിടയിൽ ആക്രമിക്കപ്പെട്ടത്. മതഭ്രാന്ത് തലയ്ക്കുപിടിച്ച ചില തീവ്രവർഗ്ഗീയ സംഘടനകളാണ് അക്രമങ്ങൾ നടത്തുന്നത്. എന്നാൽ ഇത്തരം അക്രമങ്ങൾ വെച്ചുപൊറുപ്പിക്കില്ലെന്ന് തുറന്നുപറയാത്തിടത്തോളം കാലം പ്രധാനമന്ത്രിയുടെ ക്രിസ്മസ് സന്ദർശന ദൃശ്യം ലോകത്തിനു മുന്നിൽ പ്രദർശിപ്പിക്കാൻ വേണ്ടി മാത്രമുള്ള പി.ആർ. വർക്ക് മാത്രമാണെന്ന് ചിന്തിക്കാനേ കഴിയൂ. മാസങ്ങളോളം മണിപ്പൂർ കത്തിയെരിഞ്ഞപ്പോൾ പുലർത്തിയ കുറ്റകരമായ മൗനം പ്രധാനമന്ത്രി വെടിയുമെന്നാണ് ന്യൂനപക്ഷങ്ങൾ പ്രതീക്ഷിക്കുന്നത്.

ജനസംഖ്യയിൽ 2.5 ശതമാനത്തിൽ താഴെ മാത്രം വരുന്ന ക്രൈസ്തവസമൂഹം ഇന്ത്യയുടെ സാമൂഹിക, ആരോഗ്യ, വിദ്യാഭ്യാസ മേഖലയിൽ നല്കിവരുന്ന നിസ്തുലമായ സംഭാവനകളെ കണ്ടില്ലെന്നു നടിക്കാൻ ആർക്കും കഴിയില്ല. ബഹുസ്വരതയുടെയും മതേതര മാനുഷികമൂല്യങ്ങളുടെയും പൈതൃകമാണ് ഇന്ത്യയുടെ കരുത്ത്. എല്ലാ മതസ്ഥർക്കും ഇവിടെ ആത്മാഭിമാനത്തോടെയും സമാധാനത്തോടെയും ജീവിക്കാൻ കഴിയണം. ഈ അവകാശം ആരുടെയും ഔദാര്യമല്ല. ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശമാണ്!

എല്ലാ മാന്യവായനക്കാർക്കും പുതുവർഷ ആശംസകൾ!! ◎

സമകാലികം

എം.ജെ. ജിൻസ്

പ്രതീക്ഷയുടെ പുതുവർഷം

We must accept finite disappointment. But never lose infinite hope.

Martin Luther King Jr.

പ്രതീക്ഷ ഒരു ചെറിയ വാക്കല്ല. ആ വാക്കിന്റെ വെളിച്ചത്തിലാണ് അനേകമനുഷ്യർ ഇരുട്ടിനെ താണ്ടി മുന്നോട്ടു നടക്കുന്നത്. പുതുവർഷത്തിന് പ്രതീക്ഷ പകരാൻ പ്രതീക്ഷയെക്കാൾ മികവുള്ളൊരു വാക്കുണ്ടോ? ചുറ്റുമുള്ളതെല്ലാം നല്ലതെന്നോ നിരന്തരം നന്മകൾ മാത്രം സംഭവിക്കുന്നെന്നോ എന്നൊന്നുമല്ല പറഞ്ഞുവരുന്നത്. അത്യന്തം ആശങ്കാജനകമായ പലതും ഉണ്ടാവുന്നുണ്ട് നമ്മുടെ നാട്ടിൽ. മലയാള നാടിന്റെ മതേതരസ്വഭാവത്തെ തകർക്കുവാൻ, മാനുഷർ എല്ലാവരും ഒന്നുപോലെ പുലരാതിരിക്കുവാൻ ചിലരെല്ലാം വലിയ ശ്രമങ്ങൾ നടത്തുന്നു. ക്രിസ്മസ് ക്രിസ്ത്യാനികളുടെ മാത്രം സന്തോഷമായത് എന്നു മുതൽക്കാണ്?

ക്രിസ്മസും ഓണവും വിഷുവും വലിയ പെരുന്നാളുമെല്ലാം വലിയ സന്തോഷത്തോടും സാഹോദര്യത്തോടുംകൂടി കൊണ്ടാടുന്നതായിരുന്നു നമ്മുടെ രീതി. ആ രീതി എന്നു മുതൽക്കാണ് കൈമോശം വന്ന് തുടങ്ങിയത്? ജാതിഭേദമോ മതദ്വേഷമോ കൂടാതെ മനുഷ്യർ സോദരത്വേന വാഴണം എന്നു പറഞ്ഞുവെച്ച ഗുരുവിന്റെ നാടാണിത്. ആ നാടും അവിടെ വസിക്കുന്ന മനുഷ്യരും അർത്ഥരഹിതമായ, അകം പൊള്ളയായ ജീവിതം നയിക്കുന്നവരായി മാറിക്കൂടാ. നടക്കേണ്ടത് മുന്നോട്ടാണ്, നവോത്ഥാനത്തിനും മുന്നേയുള്ള കാലത്തേക്കല്ല!

വെറുപ്പുകൊണ്ട് ഒരിക്കലും വെറുപ്പിനെ തോൽപ്പിക്കാനാവില്ല എന്നതും ഓർമിക്കേണ്ടതുണ്ട്. സ്നേഹമാണ് വെറുപ്പിനെ മറികടക്കാനുള്ള മാർഗം. ഇരുളിനെ ഇല്ലാതാക്കുന്നത് പ്രകാശമാണ്. തിന്മയുടെ ശക്തിയെ നന്മയുടെ പടച്ചട്ടകൊണ്ടേ പ്രതിരോധിക്കാനാവൂ. നമുക്കിടയിൽ അനാവശ്യ അകലങ്ങൾ സൃഷ്ടിക്കാൻ ശ്രമിക്കുന്നവർക്കുള്ള മറുപടി കൂടുതൽ അടുത്ത് നിൽക്കുക എന്നതത്രേ. സ്വജീവിതപരിസരങ്ങളിലെ സ്നേഹസാഹോദര്യങ്ങൾ കൂടുതൽ ഊഷ്മളമാക്കുകയാണ് നവവർഷത്തിൽ നമുക്ക് ചെയ്യാനാവുന്ന ഏറ്റവും മഹത്തായൊരു പ്രവൃത്തി.

മനുഷ്യന്റെ ആയുസ്സിൽ ഒരു വർഷം തീരെ ചെറിയൊരു കാലയളവല്ല. ഇവിടെയുള്ള ജീവിതം ഇനിയെത്ര നീളുമെന്ന് നമുക്കാർക്കും പ്രവചിക്കാനുമാവില്ല. ചെയ്യാനാവുന്നത്, ജീവിക്കുന്ന വർഷങ്ങളിൽ കൂടുതൽ ജീവസ്സുറ്റ ജീവിതം ജീവിക്കുക എന്നത് മാത്രമാണ്. 'നിങ്ങൾ സജീവരായിരിക്കുമ്പോൾ ജീവിതത്തിന്റെ സത്തയിലേക്ക് ഒഴുകുക. വീണ്ടും കണ്ടുമുട്ടാൻ സാധ്യതയുള്ള അതിഥിയല്ല ജീവിതം' എന്ന് കബീർ ഓർമ്മിപ്പിക്കുന്നു. 'Miles to go before I sleep...' എന്ന് റോബർട്ട് ഫ്രോസ്റ്റ്. പുതുവർഷം കുറേക്കൂടി ഉള്ളുണർവും ഉത്സാഹവും ഉള്ളതായി മാറട്ടെ.

പുതുവർഷ ആശംസകൾ!

വഴിവിളക്ക്

ഫാ. ജോണി ജോർജ്
കോർ എപ്പിസ്കോപ്പാ

വാക്കിന്റെ ശക്തിയും വ്യാപ്തിയും



"യഹോവ അരുളിച്ചെയ്യുന്നു: എന്റെ വായിൽനിന്ന് പുറപ്പെടുന്ന എന്റെ വചനം... വെറുതെ എന്റെ അടുക്കലേക്ക് മടങ്ങിവരാതെ എനിക്ക് ഇഷ്ടമുള്ളത് നിവർത്തിക്കയും ഞാൻ അയച്ച കാര്യം സാധിപ്പിക്കുകയും ചെയ്യും" (യെശയ്യാവ് 55:9-12). ''വെളിച്ചം ഉണ്ടാകട്ടെ എന്ന് ദൈവം കല്പിച്ചു; വെളിച്ചം ഉണ്ടായി" (ഉല്പത്തി 1:3).

"അതിവേഗത്തിൽ ഒന്നും പറയരുത്; ദൈവസന്നിധിയിൽ ഒരു വാക്ക് ഉച്ചരിപ്പാൻ നിന്റെ ഹൃദയം ബദ്ധപ്പെടരുത്; ദൈവം സ്വർഗ്ഗത്തിലും നീ ഭൂമിയിലും അല്ലേ? ആകയാൽ നിന്റെ വാക്ക് ചുരുക്കമായിരിക്കട്ടെ" (സഭാപ്രസംഗി 5:2). കർത്താവ് പറഞ്ഞു: "നിങ്ങളുടെ വാക്ക് ഉവ്വ്, ഉവ്വ് എന്നും ഇല്ല, ഇല്ല എന്നും ആയിരിക്കട്ടെ" (വി. മത്തായി 5:37). "നിങ്ങളുടെ വാക്ക് അതെ, അതെ എന്നോ അല്ല, അല്ല എന്നോ ആയിരിക്കട്ടെ'' എന്നാണ് P.O.C. ബൈബിളിൽ. "Let your 'Yes' be 'Yes' and your 'No', 'No' " എന്നാണ് The Orthodox Study Bible ൽ. സംസാരത്തിൽ കാര്യങ്ങൾ അയഥാർത്ഥമായി അവതരിക്കപ്പെടരുത് എന്നാണല്ലൊ ഇവിടെ അർത്ഥമാക്കുന്നത്. സത്യാവസ്ഥ എടുത്തുകാണിക്കുന്ന ഉത്തരം നൽകുമ്പോൾ വിഷമസാഹചര്യം ഒരുപക്ഷേ ഉണ്ടായേക്കാം. പക്ഷേ, സ്നേഹത്തിന്റെ ആത്മാവിൽ അത് ചെയ്യുമ്പോൾ അത് ഗുണപരമായ മാറ്റം വരുത്തുമെന്ന് വി. പൗലോസ് പറയുന്നു: "സ്നേഹത്തിൽ സത്യം സംസാരിക്കുക" (എഫേസ്യർ 4:15). 'സത്യം' എന്നാൽ ശരിയായിട്ടുള്ളത് അഥവാ മാറ്റമില്ലാത്തത് എന്നാണല്ലൊ അർത്ഥമാക്കുന്നത്.

വി. കൂദാശകൾക്ക് അടിസ്ഥാനമായിരിക്കുന്ന ഒരു ഘടകം 'വാക്കാ'ണല്ലൊ. ഉച്ചരിക്കപ്പെടുന്ന വാക്കിന്റെ ശക്തിയെപ്പറ്റിയുള്ള പഠനം വൈദികപഠനത്തിന്റെ പ്രധാനപ്പെട്ട ഒരു ഭാഗമാണ്: "The power of the spoken word." കേവലം അപ്പവീഞ്ഞുകൾ വി. കുർബ്ബാനയിൽ ദൈവപുത്രന്റെ ശരീരരക്തങ്ങളായിത്തീരുന്നത് പുരോഹിതൻ (അവ അടങ്ങിയിരിക്കുന്ന പാത്രങ്ങളിന്മേൽ) നടത്തുന്ന ആഘോഷവും പ്രാർത്ഥനയും പ്രഖ്യാപനങ്ങളുമാണല്ലൊ.

വി. യോഹന്നാൻ എഴുതിയ സുവിശേഷം ആരംഭിക്കുന്നത് വചന(വാക്ക്, word)ത്തെപ്പറ്റി പറഞ്ഞുകൊണ്ടാണ്. "ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെയായിരുന്നു; വചനം ദൈവം ആയിരുന്നു. അവൻ ആദിയിൽ ദൈവത്തോടുകൂടെയായിരുന്നു. സകലവും അവൻ മുഖാന്തിരം ഉളവായി" (വി. യോഹ 1:1-3). ഗ്രീക്കു തത്വചിന്തയിൽ ഒരാളുടെ ആന്തരിക അസ്തിത്വത്തിന്റെ / ഉൺമയുടെ പൂർണ്ണതയെ വ്യക്തമാക്കുന്ന പ്രയോഗമാണ് വാക്ക് അഥവാ 'Logos' (ലോഗോസ്). ഹിന്ദുപാരമ്പര്യത്തിലെ 'ഓം', 'ശബ്ദ ബ്രഹ്മം' എന്നീ പ്രയോഗങ്ങൾ ഇവിടെ അനുരൂപമാണ്.

പ്രായോഗിക തലത്തിൽ ചിന്തിക്കുമ്പോൾ ഒരാളുടെ ജീവിതത്തെത്തന്നെ ഏറെ സ്വാധീനിക്കുന്ന ഒന്നാണ് അയാളുടെ ഭാഷാപ്രയോഗം. പ്രശസ്ത നോവലിസ്റ്റായ ആർ.കെ. നാരായണിന്റെ "The Man Eater of Malgudy" യിലെ ഒരു പ്രധാന കഥാപാത്രമായ നടരാജിന്റെ ജീവിതാനുഭവത്തെ ഇതിന് ഉത്തമ ദൃഷ്ടാന്തമായി എടുത്ത് കാണിക്കാവുന്നതാണ്. ആരുടെ ഏതാവശ്യത്തിനും മുന്നിൽ നിൽക്കുന്ന ഒരാളാണ് അയാൾ. ആര് എന്താവശ്യപ്പെട്ടാലും അതെല്ലാം ചെയ്തുകൊടുക്കാമെന്ന് പറയും. പക്ഷേ, അതിനുള്ള സമയമോ, സാഹചര്യമോ ഉണ്ടാവുകയില്ല. അതിന്റെ ഫലമായി ഒന്നിനും കൊള്ളാത്ത ഒരാളായി അയാൾ സമൂഹത്തിൽ തരം താഴ്ത്തപ്പെട്ടു. ആരോടും 'No' പറയാൻ കഴിവില്ലാത്ത ഒരാളായി അയാൾ അറിയപ്പെട്ടു. വ്യക്തികളായാലും സ്ഥാപനങ്ങളായാലും സ്വന്തം തെറ്റുകൾ ചൂണ്ടിക്കാണിക്കപ്പെടുമ്പോൾ അവയെ തിരുത്തുവാനുള്ള ക്രിയാത്മക അവസരങ്ങളായാണ് കാണേണ്ടത്.

Scan QR Code
For Website

GPS®

GLOBAL PUBLIC SCHOOL

KOCHI

Offers Exciting Pathways To Success

Choose the best fit for your children's unique learning style and make them future ready.
We groom well-rounded world citizens.

RESIDENTIAL FACILITIES AVAILABLE

GLOBAL EDUCATION TRUST OFFERS

global public school®
GLOBAL VISION. TRADITIONAL VALUES.
CBSE

STEPPING STONES
KINDERGARTEN

GPS - International
a division of Global Education Trust
CAMBRIDGE

GPS Brookes Kochi
IB

For details : +91 (484),2713743/45/46 Follow Us On : www.globalpublicschool.org

കവർസ്റ്റോറി

തെരേസ സെബാസ്റ്റ്യൻ

ഹരിതമാനസം

ഉദയത്തിലെ ആദ്യകിരണങ്ങൾക്ക് എന്തൊരു പ്രഭയാണ്! പ്രകാശം പ്രസരിക്കുകയാണ്. ഇനി, ചൂടും വെളിച്ചവും കൂടിയും കുറഞ്ഞും, മങ്ങിയും തെളിഞ്ഞും, പകൽ കടന്നുപോകും. പിന്നെ, വെയിൽ ചാഞ്ഞ്, അന്തിയാകും; പിന്നെയും ഉദയമുണ്ടാകും. എങ്കിലും പ്രഭാതത്തിന്റെ പ്രകാശത്തോട് നമുക്ക് പ്രിയം കൂടുതലാണ്.

ജനുവരി, വർഷാരംഭമാണ്; പുതിയ വർഷത്തിന്റെ ഉദയമാണ്. വലിയ ആഹ്ലാദത്തോടെ, ഓരോ പുതുവത്സരത്തെയും നാം സ്വീകരിക്കുന്നു. വർഷാരംഭം ആഘോഷമാക്കുന്നു.

കടന്നുപോയ വർഷം, നമുക്കു നൽകിയ സന്തോഷ സന്താപങ്ങളുണ്ട്. മുറിവുകളും നേട്ടങ്ങളുമുണ്ട്. അവയെ മറക്കാൻ വയ്യ. എങ്കിലും, പുതിയ പാഠങ്ങളുൾക്കൊണ്ട് പുതിയ തിരിച്ചറിവുകളിലൂടെ ജീവിതത്തെ കുറേക്കൂടി നവീകരിക്കുവാൻ നമുക്കു സാധിക്കും; സാധിക്കണം. നന്നായി തുടങ്ങുക എന്നത് വിജയത്തിലേക്കുള്ള ആദ്യ ചുവടുവയ്പാണ്. പിന്നീടുള്ള ഓരോ ചുവടും ശ്രദ്ധാപൂർവ്വം കടന്ന്, ജീവിതത്തെ തേജസ്സുറ്റതാക്കാൻ സാധിക്കും.

പുതിയവർഷം, നമുക്കും മറ്റുള്ളവർക്കും നന്മയുടെ ഫലങ്ങൾ നൽകണമെന്ന് എല്ലാവരും ആഗ്രഹിക്കുന്നു. നന്മയുടെ പച്ചത്തുരുത്തുള്ള മനസ്സിൽനിന്നു മാത്രമേ നല്ല ചിന്തകളും, നന്മനിറഞ്ഞ പ്രവൃത്തികളും രൂപപ്പെടുന്നുള്ളൂ. ഭൂമിയിലെ പച്ചത്തുരുത്തുകൾ, കണ്ണിനും മനസ്സിനും കുളിർമ്മ പകരുന്നു. മണ്ണിൽ പച്ചപ്പു നിറയ്ക്കുന്നത് പുണ്യമായി നാം കരുതുന്നു. അത് സർവ്വജീവജാലങ്ങളുടെയും നിലനില്പിന്റെ അടിസ്ഥാനമാണെന്ന് നമുക്കറിയാം. എല്ലാ മനസ്സുകളും ഹരിതമാനസങ്ങളാകുമ്പോഴേ ഭൂമിയുടെ ഹരിതാഭ അർത്ഥപൂർണ്ണമാകുന്നുള്ളൂ. ഭൂമിയിൽ മനുഷ്യത്വമുള്ള മനുഷ്യരുടെ വംശം അറ്റുപോകാതിരിക്കേണ്ടതിന്, മനസ്സുകളിൽ തണലും തണുപ്പുമുള്ള നന്മയുടെ പച്ചപ്പുകൾ നട്ടുവളർത്തേണ്ടതാണ്. പ്രത്യേകിച്ച്, കുഞ്ഞുങ്ങളുടെ മനസ്സിലെ വളക്കൂറുള്ള പുതുമണ്ണിൽ നന്മയുടെ വിത്തുകൾ മുളപ്പിച്ചുവളർത്തേണ്ടത്, കാലത്തിന്റെ ആവശ്യമാണ്.

ചിന്തയിലും വാക്കിലും പ്രവൃത്തിയിലും നിറയുന്ന വിശുദ്ധിയാണ് മനസ്സിന്റെ ഹരിതഭംഗി. ചിന്തകൾ നന്മ നിറഞ്ഞതാകണം. വാക്കുകളിൽ ലാളിത്യവും കരുണയും സൗമ്യഭാവവും നിറയണം. പ്രവൃത്തികൾ, സ്നേഹത്തിന്റെ, സഹിഷ്ണുതയുടെ, സമർപ്പണത്തിന്റെ പ്രതിഫലനമാകണം. ഇതിന് ആദ്യമായി, നമ്മുടെ മനസ്സിൽ ചുറ്റിപ്പടർന്നു കിടക്കുന്ന, ആർത്തുവളരുന്ന, മുൾപടർപ്പുകളെയും വിഷവൃക്ഷങ്ങളെയും, ഇനിയും മുളച്ചുവളരാനാകാത്തവിധം വേരോടെ പിഴുതെടുത്ത്, തീയിൽ എരിയിച്ചുകളയണം. അസൂയയുടെ, വിദ്വേഷത്തിന്റെ, അഹങ്കാരത്തിന്റെ, അത്യാഗ്രഹത്തിന്റെ നാമ്പുകളൊക്കെയും നശിപ്പിച്ചുകളയണം. എന്നിട്ട്, മണ്ണാരുക്കി പുതിയ വിത്തുകളും തൈകളും നട്ടുവളർത്തണം. മനസ്സ്, മരുഭൂമിയാകാതിരിക്കാൻ സ്നേഹത്താൽ നനച്ചുകൊടുക്കണം.

ചില വൃക്ഷങ്ങൾ മുള്ളുകൾ നിറഞ്ഞതായിരിക്കും. എന്നിട്ടും, മാധുര്യമുള്ള ഫലത്തെയോർത്ത്, സുഗന്ധമുള്ള പൂക്കൾ പ്രതീക്ഷിച്ച് നാം

അവയെ പരിപാലിക്കുന്നു. ത്യാഗവും എളിമയും കഠിനാധ്വാനവും സഹിഷ്ണുതയും സേവനചിന്തയുമൊക്കെ അങ്ങനെയുള്ള സസ്യങ്ങളാണ്. ഇത്തിരി മുറിവേൽക്കാതെ, ചോരപൊടിയാതെ അവയെ പരിപാലിക്കുക എളുപ്പമല്ല. എങ്കിലും അവയുടെ സ്മരണ സുഗന്ധമായ്, രുചിമധുരമായ് എന്നും നിലനിൽക്കും. നർമ്മബോധവും ആസ്വാദനക്ഷമതയും സർഗ്ഗവാസനകളും കലാനൈപുണികതകളുമൊക്കെ അടിമുടി മനോഹരമായ ചെടികളാണ്. അവ, നമുക്കും ചുറ്റുമുള്ളവർക്കും ഹൃദ്യമായ അനുഭവമാകും.

മനുഷ്യബന്ധങ്ങളുടെ മഹത്വം നിലനിർത്തിക്കൊണ്ടു ജീവിക്കാൻ നമുക്കു കഴിയണം. ചുറ്റുമുള്ളവരോട് സൗഹൃദത്തിലായിരിക്കുമ്പോൾ ജീവിതത്തിന്റെ സൗന്ദര്യം പൂത്തുലയുന്നു. വേരുകൾ മണ്ണിനടിയിലൂടെയും തമ്മിലറിഞ്ഞ് താങ്ങായി നിലകൊള്ളുന്നു. വ്യക്തിബന്ധങ്ങളിൽ വിശ്വസ്തതയും സൗഹൃദങ്ങളിൽ ആത്മാർത്ഥതയും പുലർത്തുമ്പോൾ ജീവിതം മനോഹരമായ ഉദ്യാനമാകുന്നു.

നന്മയുടെ ഫലങ്ങൾക്കായി കാത്തിരിക്കാനുള്ള ക്ഷമയും, നന്മ ഭവിക്കുമെന്ന പ്രതീക്ഷയും കുളിർമ്മ നൽകുന്ന പച്ചപ്പാണ്. അലസത വെടിഞ്ഞ്, ആർജ്ജവത്തോടെ, കൃത്യനിഷ്ഠയോടെ പ്രവർത്തിക്കുന്ന ശീലം നല്ല ഫലം തരുന്ന വൃക്ഷമാണ്. സമയവൃക്ഷത്തിന്റെ വിത്തുകൾ, ഈശ്വരൻ എല്ലാവർക്കും തുല്യമായി നൽകുന്നതാണ്. അവയെ മികച്ചരീതിയിൽ നട്ടുവളർത്താനുള്ള വൈഭവം നമുക്കുണ്ടാകണം. സമയം എല്ലാവരുടെയും നന്മയ്ക്കായ് പ്രയോജനപ്പെടുത്താൻ സാധിക്കണം. വിശ്രമത്തിനും വിനോദത്തിനും സമയമുണ്ടാകണം. വിജ്ഞാനസമാർജ്ജനത്തിനും ആരോഗ്യസംരക്ഷണത്തിനും സമയം കണ്ടെത്തണം. വായനയുടെ വൃക്ഷം നമ്മിൽ മുളച്ചുവളർന്നാൽ പിന്നെ, നശിച്ചുപോകില്ല. ചിലപ്പോൾ മുരടിച്ചുപോയെന്നുവരാം. നന്നായി പരിപാലിച്ചാൽ അത് ഔഷധസസ്യം പോലെ പ്രയോജനകരമാകുന്നു.



പണം കായ്ക്കുന്ന മരങ്ങൾ കൊണ്ട് നമ്മുടെ മാനസോദ്യാനം നിറഞ്ഞുപോകാൻ അനുവദിക്കരുത്. അവയെ പരിപാലിക്കുന്ന തിരക്കിൽ, സ്നേഹത്തിന്റെ, ദയയുടെ, സൗഹൃദത്തിന്റെ, വാത്സല്യത്തിന്റെ ചെടികൾ പരിചരണം ലഭിക്കാതെ മുരടിച്ചുപോകും. മറ്റു ചെടികൾക്ക് വളരാൻ ഇടം കിട്ടിയെന്നും വരില്ല. അവനവനെ സ്നേഹിക്കുന്ന ശീലവും മനസ്സിൽ പച്ചപിടിച്ചുനിൽക്കണം. ആത്മസ്നേഹത്തിലൂടെയേ പരസ്നേഹത്തിലേക്ക് വളരാൻ കഴിയൂ. അഭിമാനത്തോടെ ജീവിക്കാൻ നമുക്കു സാധിക്കണം. എന്നാൽ, ദുരഭിമാനത്തിന്റെ വിത്തുകൾ മനസ്സിൽ വീണുമുളയ്ക്കാൻ ഇടയാവരുത്. അഹംബോധം മികച്ചതാണെങ്കിലും, തന്നെക്കാൾ മികച്ചതൊന്നും ഭൂമിയിലില്ല എന്ന ചിന്ത വേരോടെ പിഴുതുകളയേണ്ടതാണ്.

ആത്മീയതയുടെ നന്മമരത്തെ പ്രകാശമായി ഉള്ളിൽ നട്ടുപരിപാലിക്കണം. ശുചിത്വവും കലാബോധവും വിനയവും നർമ്മബോധവും സ്വപ്നം കാണാനുള്ള കഴിവും കൗതുകങ്ങളും കളിചിരികളും ചെറുലതകളായി ഹൃദയോദ്യാനത്തിൽ പടർന്നു പരിലസിക്കട്ടെ. അവയിൽ ചെറുനക്ഷത്രപൂക്കൾ വിരിയട്ടെ.

കുറച്ചു കണ്ണീരോർമ്മകളും പുഞ്ചിരിവെട്ടവുമായി ഒരുവർഷം കടന്നുപോകുന്നു. ചുറ്റുമുണ്ടായിരുന്ന പുല്ലിനോടും പൂവിനോടും തുമ്പച്ചിരികളോടും മുക്കുറ്റിദീപങ്ങളോടും നാം കടപ്പെട്ടിരിക്കുന്നു. പാതകളിൽ തണലൊരുക്കിയ, പൂക്കൾവിരിച്ച മഹാവൃക്ഷങ്ങളോട് ആദരവുണ്ടാകണം. സ്വപ്നങ്ങളുടെ പൂന്തോട്ടം ചവിട്ടിനശിപ്പിച്ച അന്ധതയോട് നിർവ്യാജം ക്ഷമിക്കാൻ കഴിയണം.

പുതുപുഷ്പങ്ങൾ പോലെ വിരിയുന്ന പുതുവർഷങ്ങൾ - അവയെ, സ്നേഹിക്കാനേ നമുക്കു സാധിക്കൂ. മുളയ്ക്കാനിരിക്കുന്ന വിത്തുപോലെ, വരുംനാളുകളുടെ സുമങ്ങളും ഫലങ്ങളും പ്രവചിക്കാൻ നാം ശക്തരല്ല. പ്രാർത്ഥനയോടെ കാത്തിരിക്കുക; മനസ്സ് ഹരിതാഭമാക്കി കാത്തിരിക്കുക. പ്രതീക്ഷയുടെ പുതുവർഷത്തിലേക്ക് വാതിൽ തുറന്നുവയ്ക്കുക. ഹരിതമാനസത്തിന്റെ കിളിവാതിൽ തുറന്നുവയ്ക്കുക.

ബൈബിൾ ചിന്ത

ഡോ. ജേക്കബ് ഉമ്മൻ



ദൈവകൃപ എങ്ങനെ ലഭിക്കും?

ദൈവത്തിൽ ആശ്രയിക്കയും അനുഗ്രഹങ്ങൾക്കായി യാചിക്കയും ചെയ്യുന്ന പലരും പറയുന്ന ഒരു കാര്യമുണ്ട്: "ജീവിതത്തിൽ കഷ്ടപ്പാടാണ്, ദൈവം എന്റെ ആവശ്യങ്ങൾക്കു നേരെ കൃപ ചൊരിയുന്നില്ല." എന്നാൽ ദൈവം തന്റെ സൃഷ്ടികളിൽ എപ്പോഴും കൃപ വർഷിക്കുന്നുണ്ട്. അതു നമുക്കു പ്രയോജനപ്പെടണമെങ്കിൽ നമ്മുടെ ഭാഗത്തുനിന്നുള്ള കൃപ കൂടി ഉണ്ടാകണം. അതിനെ 'ആത്മകൃപ' എന്നു പറയാം. ദൈവം കൃപ ചൊരിഞ്ഞാലും അതു സ്വീകരിക്കുവാൻ നമ്മുടെ മനസ്സു പാകപ്പെട്ടില്ല എങ്കിൽ ആ കൃപ നമുക്ക് ലഭ്യമാകയില്ല. പകൽസമയം മുറിയുടെ എല്ലാ വാതിലുകളും അടച്ചിട്ടതിനു ശേഷം എനിക്കു മാത്രം സൂര്യൻ പ്രകാശം തരുന്നില്ല എന്നു വിലപിച്ചിട്ടു കാര്യമില്ല. സൂര്യന്റെ പ്രകാശം എല്ലായിടത്തും ഉണ്ട്. അതു സ്വീകരിക്കുവാൻ വാതിലുകൾ തുറന്നിടണം എന്നതാണ് പ്രധാനം. അതുപോലെ സൃഷ്ടാവാം ദൈവം സൃഷ്ടികളുടെ മേൽ സദാ കൃപചൊരിയുന്നുണ്ട്. അതു പ്രാപിക്കുവാൻ നമ്മുടെ ഹൃദയത്തിന്റെ അടഞ്ഞ വാതിലുകൾ തുറക്കണം. അതിനാൽ ദൈവകൃപയെക്കാൾ ആദ്യം നമ്മുടെ മനസ്സിന്റെ കൃപ അഥവാ ആത്മകൃപ നമുക്ക് ലഭിക്കണം.

കുട്ടികൾക്കു പരീക്ഷയിൽ ജയിക്കുവാൻവേണ്ടി 'മോഡറേഷൻ' കൊടുക്കാറുണ്ടല്ലോ. അതു കിട്ടണമെങ്കിൽ കുറഞ്ഞത് ഇത്ര മാർക്ക് എങ്കിലും വാങ്ങിയിരിക്കണമെന്നുണ്ട്. അതുപോലെ ദൈവകൃപ സ്വീകരിക്കുവാൻ കഴിയണമെങ്കിൽ ശരിയായ മനോഭാവവും പ്രയത്നവും ആവശ്യമാണ്. ഒരാൾ നമുക്കൊരു സമ്മാനം തരുവാൻ കൈനീട്ടുമ്പോൾ നമ്മൾ ഗർവ്വോടെ നിന്നാൽ "ഓ ഇവനെക്കാൾ അർഹിക്കുന്ന മറ്റൊരാൾക്ക് ഇതു നൽകാം" എന്നു ചിന്തിക്കുവാൻ സാധ്യതയുണ്ട്. പ്രയോജനകരമായ ആ വസ്തു ലഭിക്കുവാനുള്ള ആത്മകൃപ അയാൾക്കില്ലാതെപോയി എന്നു വേണം കരുതുവാൻ.

നല്ല കർമ്മത്തിനു നല്ല ഫലവും ചീത്ത കർമ്മത്തിനു ചീത്ത ഫലവും വിധിക്കാൻ മാത്രമായിരിക്കുന്ന വെറും ഒരു ന്യായാധിപനല്ല ഈശ്വരൻ. അതിലുപരി കൃപാലുവാണ്. നമ്മുടെ തെറ്റുകൾ ക്ഷമിച്ചു നമ്മിൽ കാരുണ്യം വർഷിക്കുന്ന കൃപാനിധിയാണ്. പക്ഷേ നമ്മുടെ ഭാഗത്തുനിന്നും ആ കൃപയ്ക്കു പാത്രമാകുവാൻ അല്പമെങ്കിലും പ്രയത്നമുണ്ടായെങ്കിലേ അവിടുത്തേക്ക് നമ്മെ രക്ഷിക്കാനാവൂ. നമ്മുടെ ഭാഗത്തുനിന്നും അതുണ്ടാകുന്നില്ലെങ്കിൽ കാരുണ്യമൂർത്തിയായ ദൈവം വർഷിക്കുന്ന കൃപ നമുക്ക് സ്വീകരിക്കാനാവാതെ പോകും. അത് ദൈവത്തിന്റെ കുറ്റമല്ല, നമ്മുടെ കുറ്റമാണ്.

വിശുദ്ധ സുവിശേഷങ്ങളിൽ ഇതിനെ ന്യായീകരിക്കുന്ന അനേകം ഉദാഹരണങ്ങൾ ഉണ്ട്. കുഷ്ഠരോഗിയുടെ സൗഖ്യം (വി. ലൂക്കോസ് 5:12); പക്ഷവാതക്കാരന്റെ സൗഖ്യം (വി. മർക്കോസ് 2:5); കനാന്യസ്ത്രീയുടെ മകളുടെ സൗഖ്യം (വി. മത്തായി 15:23); കുരുടന്റെ സൗഖ്യം (വി. മർക്കോസ് 10:47)..... ഇവിടെയെല്ലാം ദൈവകൃപ വ്യാപരിക്കു

ന്നത് സ്വീകർത്താക്കളുടെയോ അവരുമായി ബന്ധപ്പെട്ടവരുടെയോ ഒരു യാചന, അല്ലെങ്കിൽ വിശ്വാസപൂർവ്വമായ ഇടപെടൽ, പാപബോധത്താലുള്ള അനുതാപം ഇങ്ങനെ വിവിധങ്ങളായ സാഹചര്യം മൂലമാണ്. ഇവർക്കെല്ലാം ദൈവകൃപ പൂർണ്ണമായും പ്രയോജനപ്പെടുത്തുവാനും സ്വീകരിക്കുവാനുമുള്ള ആത്മകൃപ ഉണ്ടായിരുന്നു.

ജോലിക്ക് ആളെ ആവശ്യപ്പെട്ടുകൊണ്ട് പത്രങ്ങളിൽ പരസ്യം വരുന്നത് ശ്രദ്ധിച്ചിട്ടുണ്ടല്ലോ. ശാരീരികയോഗ്യതകൾ, വിദ്യാഭ്യാസയോഗ്യതകൾ, പരിചയസമ്പന്നത ഇങ്ങനെ പല കാര്യങ്ങൾ ആവശ്യമുണ്ടെന്ന് കാണാറുണ്ട്. യോഗ്യത ഉള്ളവരെ കൂടിക്കാഴ്ചയ്ക്കു ക്ഷണിക്കും. ഇന്റർവ്യൂ സമയത്ത് എല്ലാ ചോദ്യങ്ങൾക്കും ഉത്തരം പറഞ്ഞാലും ചിലർ തഴയപ്പെട്ടുപോകും. എന്നാൽ അത്രതന്നെ മിടുക്കു കാണിക്കാത്ത ചിലർ തിരഞ്ഞെടുക്കപ്പെടും. ഇന്റർവ്യൂ ചെയ്ത ആളിന്റെ മനസ്സിൽ ഉണ്ടായ അലിവാണ് അതിനുകാരണം. അതു സ്വാഭാവികമായി വരുന്നതാണ്, മനഃപൂർവ്വമല്ല. ആ അലിവിനു കാരണം ദൈവകൃപയാണ്; അഥവാ നമ്മുടെ പ്രയത്നം പൂർണ്ണമാകുവാൻ ദൈവകൃപ ആവശ്യമാണ്.

ഇതു കേൾക്കുമ്പോൾ ചിലരിൽ മാത്രം കൃപചൊരിയുന്ന ദൈവം പക്ഷപാതിയല്ലേ എന്നു സംശയം വരുന്നുണ്ടാവാം. ദൈവം ഒരിക്കലും പക്ഷപാതിയല്ല. ഒരുവനിലുള്ള ക്ഷമ, വിനയം, കാരുണ്യം തുടങ്ങിയ നല്ല ഗുണങ്ങളോ അവർ മുമ്പു ചെയ്ത സൽക്കർമ്മങ്ങളോ ആണ് ദൈവകൃപയെ അവരിലേക്ക് ആകർഷിക്കുന്നത്. അതിനാൽ അത്തരം നല്ല ഗുണങ്ങൾ വളർത്തുവാനും ശരിയായ സമർപ്പണ മനോഭാവത്തോടെ ഉത്സാഹപൂർവ്വം പ്രയത്നിക്കുവാനും നമ്മൾ ശ്രദ്ധിക്കണം. അപ്പോൾ ദൈവകൃപയ്ക്കു പാത്രമാകുവാനും എല്ലാ അനുഗ്രഹങ്ങളും കൈവരിക്കുവാനും നമുക്കു കഴിയും.

◎

സമ്പാദനം

സാബു ജോർജ്ജ് കടമ്മനിട്ട

പുതുവത്സര പ്രശ്നോത്തരി

1. സ്കോട്ട്ലൻഡിലെ പ്രശസ്തമായ പുതുവത്സര സമ്പ്രദായം?
2. ഇറാനിയൻ പേർഷ്യൻ പുതുവത്സരം അറിയപ്പെടുന്നത് എങ്ങനെ?
3. പുതുവത്സരത്തെ 12 മുന്തിരി കഴിച്ച് വരവേൽക്കുന്ന രാജ്യക്കാർ?
4. ജൂലിയൻ കലണ്ടർ നവീകരിച്ച് ജനുവരി 1 പുതുവത്സരമായി നിർദ്ദേശിച്ചത് ആര്?
5. ഏതു റോമൻ ദേവന്റെ നാമത്തിൽ നിന്നാണ് ജനുവരി മാസത്തിന് ആ പേര് ലഭിച്ചത്?
6. പുതുവത്സരത്തെ ആദ്യം വരവേൽക്കുന്ന രാജ്യക്കാർ?
7. പുതുവത്സര അർദ്ധരാത്രിയിൽ ഏതു രാജ്യത്തെ ബുദ്ധമത ക്ഷേത്രമാണ് 108 മണി അടിക്കുന്നത്?
8. പുതുവത്സരത്തിൽ ജനിച്ച പ്രശസ്ത ഇന്ത്യൻ അഭിനേത്രി?
9. ജനുവരി 1 ഏത് പരിശുദ്ധന്റെ ഓർമ്മയാണ് കൊണ്ടാടുന്നത്?
10. ഏതു രാജ്യക്കാരാണ് പുതുവത്സരത്തിൽ മരംകോച്ചുന്ന വെള്ളത്തിൽ 'പോളാർ കരടി ഊളിയിടൽ' മത്സരം നടത്തുന്നത്?

(ഉത്തരങ്ങൾ 34-ാം പേജിൽ)

സാഹിതീയം

കെ.വി. അനിൽകുമാർ

ബൈബിളിൽനിന്ന് ആദ്യഗാനം

ഒരു കൊച്ചുപൂവിനെ കാണുന്നതുപോലെ തന്നെ ആസ്വാദ്യമാണ് ഒരു ഗാനമാസ്വദിക്കുന്നതും. നമ്മൾ കേൾക്കുന്ന പാട്ടിനും വലിയൊരു ലക്ഷ്യമുണ്ട്. ഒരു മിനിറ്റോ, രണ്ടു മിനിറ്റോ വെറുതെ ഒന്ന് കണ്ണടച്ചിരിക്കാൻ നോക്കിയാൽ നമുക്ക് പറ്റില്ല. പേടിതോന്നും. അതേസമയം അഞ്ചുമിനിറ്റ് വരുന്ന ഒരു പാട്ട് കേട്ടുവെന്നിരിക്കട്ടെ. ആ അഞ്ചുമിനിറ്റ് വെറുതെ നമ്മൾ കണ്ണടച്ചുവെന്നിരിക്കും. അവിടെ നേരിട്ടല്ലെങ്കിലും ഒരു ധ്യാനം സംഭവിക്കുന്നുണ്ട്. ഒരു കൊച്ചുപാട്ടിന് നമ്മെ ധ്യാനിപ്പിക്കാൻ കഴിയുന്നുണ്ടെങ്കിൽ, ലോകം മുഴുവൻ അസ്വസ്ഥമായി കറങ്ങിനടക്കുന്ന ഈ മനസ്സിനെ പിടിച്ച് അകത്തേക്കിരുത്താൻ സാധിക്കുന്നുണ്ടെങ്കിൽ, അതിന്റെ ശക്തി എന്താണ്? അതാണ് ഓരോ നല്ല പാട്ടും മനുഷ്യനു നൽകുന്ന സംഭാവന.

ചെമ്പരത്തിപ്പൂവിനെയും കറുകവയൽക്കുരുവിയെയും മുറ്റത്തെ ചക്കരമാവിനെയും കുറിച്ചൊക്കെ എഴുതി, കഴിഞ്ഞ നാല് പതിറ്റാണ്ടായി ഗാനരചനയിലൂടെയും തിരക്കഥകളിലൂടെയും മലയാളിയുടെ മനംകവർന്ന ഒരാളുടെ 'പിച്ചകപ്പൂങ്കാവുകൾക്കുമപ്പുറം' എന്ന 'ആത്മകഥ' പോലൊരു ഗ്രന്ഥത്തിൽ (something like an auto-biography) നിന്നാണ് മേൽ വരികൾ. മലയാളത്തിന്റെ പ്രിയങ്കരനായ ഗാനരചയിതാവായ ഷിബു ചക്രവർത്തിയുടേതാണ് 2025-ൽ ടെൽബ്രെയ്ൻ ബുക്സ് പ്രസിദ്ധീകരിച്ച ഈ ഓർമ്മകളുടെ പുസ്തകം.

ഈ പുസ്തകത്തിലെ ഒരു അദ്ധ്യായത്തിന് 'കലാലയകാലം' എന്നാണ് തലക്കെട്ട്. കലൂർ സ്കൂളിൽ നിന്ന് ഇടപ്പള്ളി സ്കൂളിലേക്ക് പഠനം മാറിയതിനെപ്പറ്റി പറഞ്ഞുതുടങ്ങുന്ന ഈ അധ്യായത്തിന് 'ബൈബിൾ പഠനവും ആദ്യത്തെ പാട്ടും' എന്നാണ് ഉപതലക്കെട്ട്.

ഇടപ്പള്ളി സെന്റ് ജോർജ്ജ് സ്കൂളിലെ പഠനകാലം ഓർത്തെടുക്കാൻ പ്രത്യേകിച്ചൊരു കാരണമുണ്ട്. അദ്ദേഹത്തെ ക്രിസ്തുമതവുമായി അടുപ്പിക്കുന്നു എന്നതാണ് ആ കാരണം. അവിടെ സിസ്റ്റർ ഗ്രേസ് എന്ന വളരെ സുന്ദരിയാ

യൊരു കന്യാസ്ത്രീയുണ്ടായിരുന്നു. അവരായിരുന്നു ഇംഗ്ലീഷ് അധ്യാപിക. ആരുടെയെങ്കിലും സ്നേഹസാമീപ്യത്തിനായി കൊതിക്കുന്നതായിരുന്നല്ലോ അന്നത്തെ പ്രായം. അതുകൊണ്ടുതന്നെ സിസ്റ്ററുടെ സാമീപ്യം കിട്ടാനായി ഷിബു എന്ന വിദ്യാർത്ഥി വേദപഠനക്ലാസ്സിൽ നിർബന്ധമായും പങ്കെടുത്തു. റെഗുലർ ക്ലാസ്സ് കഴിഞ്ഞ് അതിനായി പ്രത്യേകം കാത്തുനിൽക്കുമായിരുന്നു. പങ്കെടുക്കണമെന്ന് യാതൊരു നിർബന്ധവുമില്ലായിരുന്നു. ക്രിസ്ത്യാനികളേ അതിൽ പങ്കെടുക്കാറുള്ളൂ.

ഏത് ക്രിസ്ത്യാനിയെയും പോലെ ബൈബിൾ വലിയ കുഴപ്പമില്ലാതെ ഉൾക്കൊള്ളാൻ സാധിച്ചു എന്ന ഗുണം അന്നത്തെ വലിയ നേട്ടമായി അദ്ദേഹം കരുതുന്നു. ബൈബിൾ നന്നായി വായിക്കാനും കഴിഞ്ഞു. സിസ്റ്റർ മറ്റു കുട്ടികളോട് അവനെ ചൂണ്ടി 'അവനെ കണ്ട് പഠിക്ക്' എന്നൊക്കെ പറയുമായിരുന്നു.

യഥാർത്ഥത്തിൽ ഷിബു ചക്രവർത്തിയുടെ സിനിമാപ്പാട്ടിന്റെ കഥ തുടങ്ങുന്നത് 'ഉപഹാര'ത്തിലാണെങ്കിലും, മലയാളസിനിമയിലെ പാട്ടെഴുത്തിന്റെ ചക്രവർത്തിമാരിലൊരാളായി മാറുന്നത് 'ശ്യാമ'യോടു കൂടിയാണെങ്കിലും ആദ്യത്തെ പാട്ട് എഴുതിയത് ബൈബിളിലെ മത്തായി 16:18 ന്റെ പശ്ചാത്തലത്തിലായിരുന്നു. 'വെളിച്ചമേ നയിച്ചാലും' എന്ന കാസറ്റിനായി ആ പാട്ടെഴുതുമ്പോൾ 'എന്റെ വിശ്വാസമാം പാറയിൽ നിന്റെ ദേവാലയം നീ പണിയൂ... നിത്യം മണിസ്വനം നിൻ വചനം ഹൃത്തിൽ മുഴങ്ങുവാൻ നീ കനിയൂ' എന്നെഴുതാൻ സാധിച്ചത് ബൈബിളുമായുള്ള അന്നത്തെ ബന്ധം കൊണ്ടാണ്. ആ പാട്ടിന് കിട്ടിയ 50 രൂപയായിരുന്നു ആദ്യപ്രതിഫലം.

മറ്റൊരു അധ്യായത്തിൽ ഈ പാട്ടിന്റെ പിറവിയെപ്പറ്റി പിന്നെയും പരാമർശിച്ചിട്ടുണ്ട്. ഒരു ആൽബത്തിനു വേണ്ടി ചൊവ്വല്ലൂർ കൃഷ്ണൻകുട്ടി, സുരേഷ് മണിമല എന്നിവർ എഴുതിയ ഭക്തിഗാനങ്ങളെ സാഹിത്യത്തിന്റെ മാനദണ്ഡത്താൽ അളന്ന് പുച്ഛിച്ചപ്പോൾ 'നമുക്കിതുപോലൊന്ന് എഴുതാൻ പറ്റില്ല' എന്ന് പ്രതികരിക്കുകയുണ്ടായി കലൂർ ഡെന്നീസ്. 'ഇതിനേക്കാൾ നൂറിരട്ടി നന്നായി എനിക്കെഴുതാൻ പറ്റും' എന്ന ഷിബുവിന്റെ

ഷിബു ചക്രവർത്തി

കമന്റ് സീരിയസായതും, 'എന്നാൽ ഒരെണ്ണമെഴുത്' എന്ന വെല്ലുവിളിയിൽ പെട്ടുപോയതും ആ നിർബന്ധപ്രകാരം 'എന്റെ വിശ്വാസമാം പാറയിൽ' എന്നാരംഭിക്കുന്ന പാട്ടെഴുതിയതും ഷിബു വിവരിക്കുന്നുണ്ട്. ഒരു മനോഹരഗാനമാസ്വദിക്കുന്നതുപോലെ വായിച്ചുപോകാവുന്ന ആത്മകഥാകൃതിയാണിത്.

സാമൂഹികം

അഖില സി.ആർ.
(രണ്ടാം വർഷം എം.എ. മലയാളം
യു.സി. കോളേജ്, ആലുവ)

പുതുവർഷം:
കാലവും മനുഷ്യനും തമ്മിൽ ഒരു നിശ്ശബ്ദ സംവാദം

കാലവും മനുഷ്യനും തമ്മിൽ നിശ്ശബ്ദമായി ചില സംവാദങ്ങൾ നടക്കുന്നുണ്ട്. കാലം ആരെയും കാത്തു നിൽക്കുന്നില്ല. ആരോടും അനുവാദം ചോദിക്കുന്നുമില്ല. ഇന്നലെകൾ ഇന്നിൽ ലയിച്ചുചേർന്ന് നാളെയെ വരവേൽക്കുന്നു. എന്നിട്ടും ഓരോ പുതുവർഷത്തിലും കാലം മനുഷ്യനോട് നിശ്ശബ്ദമായി സംവദിക്കുന്നു.

"ഈയൊരു വർഷം നിങ്ങൾക്ക് എങ്ങനെ ഉണ്ടായിരുന്നു?" നല്ല താവാം ചിലപ്പോൾ മോശമാവാം, നാം മുന്നോട്ടാണ് പോകുന്നത്, കാലത്തോടൊപ്പം ഓർമ്മകളെ കൂട്ടുപിടിച്ച് അനുഭവങ്ങളെ പാഠമാക്കി. ദൂരെ കാണുന്ന ആ വെളിച്ചമാണ് എന്റെയും നിന്റെയും ലക്ഷ്യം. "നീ ജീവിച്ച കാലത്തോട് എത്രമാത്രം നീതി പുലർത്തിയിരുന്നു?" ഈയൊരു ചോദ്യത്തോട് നിശ്ശബ്ദമായ ഉത്തരം ആവും ഓരോ വർഷവും നമുക്ക് നൽകാൻ ഉള്ളത്. എന്നാൽ അവനവനോട് തന്നെയുള്ള ഈ ചോദ്യത്തിന് മറുപടിയായി ഓരോ മനുഷ്യന്റെ ഉള്ളിലും ആഴത്തിലുള്ള അർത്ഥഭേദങ്ങൾ ഉണ്ടാകും. അതേ, കാലത്തേക്കാൾ കൂടുതലായി അവൻ അവനെ തന്നെയാണ് അന്വേഷിക്കുന്നത്.

മനുഷ്യന്റെ ഏറ്റവും വലിയ യാത്ര പുറത്തേക്കല്ല, അകത്തേക്കാണ് എന്ന് മലയാളത്തിന്റെ ഇതിഹാസം ഒ.വി. വിജയൻ പറയുന്നുണ്ട്. അതേ, ഓരോ പുതുവർഷവും ആ അകത്തേക്കുള്ള യാത്രയുടെ പുതിയ വളവാണ്. പുതുവർഷം പലപ്പോഴും പുതിയൊരു തുടക്കമാണെന്ന് പറയാറുണ്ടെങ്കിലും അതൊരു തുടർച്ചയുടെ ബോധ്യമാണ്. മുന്നോട്ട് ഒഴുകിക്കൊണ്ടിരിക്കുന്ന സമയത്തിനുള്ളിൽ നമ്മൾ സ്വയം അടയാളപ്പെടുത്തി വയ്ക്കുന്ന ഒരു നിമിഷം മാത്രമാണത്. പുതുവർഷം പുതിയ മനുഷ്യനെ സൃഷ്ടിക്കുകയല്ല മറിച്ച് പഴയ മനുഷ്യനെ കൂടുതൽ ബോധമുള്ളവൻ ആക്കുകയാണ്. ഓർമ്മകളെ ചേർത്ത് നിർത്തിയുള്ള ഈ യാത്രയിൽ ആദ്യം എടുത്ത് വയ്ക്കേണ്ടത് നഷ്ടങ്ങളുടെ കണക്കുകൾ ആവണം. നഷ്ടപ്പെട്ട മനുഷ്യരെ, വഴിമധ്യേ ഉപേക്ഷിച്ച സ്വപ്നങ്ങളെ, എന്തിനേറെ, പൂർണമാകാനാവാതെ പോയ നമ്മളെ തന്നെ. ബഷീർ പരാജയങ്ങളെക്കുറിച്ച് എഴുതിയിരിക്കുന്നത് ദുരന്തമായിട്ടല്ല. അവ മനുഷ്യനെ മനുഷ്യനാക്കുന്ന അനിവാര്യമായ അവസ്ഥകളാണെന്ന് അത് നമുക്ക് കാണിച്ച് തരുന്നു. മനുഷ്യൻ എപ്പോഴും ജീവിക്കുന്നത് പ്രതീക്ഷയിലാണ്. നേരം പുലരുമ്പോൾ അതിനൊപ്പം താനും ഉണരുമെന്ന പ്രതീക്ഷയിൽ അലാറം സെറ്റ് ചെയ്ത് കിടന്നുറങ്ങുന്ന മനുഷ്യനാണ് പ്രതീക്ഷയെ പുൽകുന്ന ഏറ്റവും വലിയ തെളിവ്.

കാലം ഓരോ തലമുറകളിലും മാറ്റങ്ങൾ നിക്ഷേപിക്കുന്നുണ്ട്. ഇത് ജെൻസി കാലഘട്ടമാണ്. ചിന്തകൾക്കും പ്രവൃത്തികൾക്കും പുതിയ മാനങ്ങൾ നൽകുന്ന കാലം. എന്നിരുന്നാലും ഓർമ്മകളാവും മുൻപ് തിരുത്തലുകൾ അനിവാര്യമാണ്. ശരിയെന്ന് തോന്നുന്നത് സ്വീകരിക്കുകയും അല്ലാത്തവയെ നിരാകരിക്കുകയും ചെയ്യുന്ന വ്യക്തിത്വബോധത്തിലേക്ക് നാം ഓരോരുത്തരും ഇനിയും വളരേണ്ടതുണ്ട്. "അന്യജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ വിവേകികൾ" - എന്ന ആശാന്റെ ചിന്തയിൽ കാലാതിവർത്തിയായ ചിരന്തനസത്യമുണ്ട്. നാം അനുഭവിക്കുന്ന സ്വാതന്ത്ര്യവും അവകാശങ്ങളും മറ്റൊരാൾക്കും ഉണ്ട് എന്ന ബോധം ഉൾക്കൊള്ളാൻ കഴിയുന്ന വിശാലമനസ്കതയിലേക്ക് നാം എത്തേണ്ടതുണ്ട്. ദിനംപ്രതി കാണുന്ന കുറ്റകൃത്യങ്ങൾ എന്തിന്റെ പേരിലാണെന്ന് ചിന്തിക്കേണ്ടതുമുണ്ട്. കഴിഞ്ഞുപോയതെല്ലാം പുതിയ പാഠങ്ങളായി ഉൾക്കൊണ്ടുകൊണ്ട്, ജീവിതം നൽകാൻ മടിക്കുന്നതെല്ലാം ജീവിതത്തോട് തന്നെ വാശിയോടെ നമുക്ക് ചോദിച്ചു വാങ്ങേണ്ടതുണ്ട്. ആ പ്രവൃത്തികളെല്ലാം മാനസികമായ സന്തോഷത്തിനും മറ്റൊരാളുടെ മുഖത്ത് വിരിയുന്ന പുഞ്ചിരിക്കും ഉതകുന്നതാവട്ടെ. സ്വയം സ്നേഹിക്കാൻ പഠിക്കുകയും മറ്റൊരാളെ ബഹുമാനിക്കാൻ പഠിക്കുകയും ചെയ്യുന്നിടത്ത് തന്നെയാവട്ടെ മാറ്റങ്ങളുടെ തുടർച്ച...

അതെ, "അവനവന്നാത്മ സുഖത്തിനാചരിക്കുന്നവ അപരന്നു സുഖത്തിനായി വരേണം." കാലവും മനുഷ്യനും തമ്മിലുള്ള ഈ നിശ്ശബ്ദ സംവാദം നിലയ്ക്കാതിരിക്കട്ടെ...

ഏവർക്കും ഹൃദയം നിറഞ്ഞ പുതുവത്സരാശംസകൾ!

SOUKYA®

DR. MATHAI'S HOLISTIC HEALTH CENTRE

WELLNESS PROGRAMMES

- Stress Management
- Weight Management
- Anti-ageing
- Detoxification
- Rejuvenation
- Ayurveda Special

FEATURES

- 30 acre certified organic farm
- 25 luxurious rooms (Deluxe to Suites)
- 44 treatment rooms
- Fresh ovo-vegetarian cuisine
- Library
- Walking track
- Herbal garden (Over 200 medicinal plants)
- Guest from over 70 nationalities

MEDICAL PROGRAMMES

- Arthritis Management
- Cardiac Hypertension
- Diabetes Management
- Asthma Management
- Neuro-muscular disorders
- De-addiction

Awarded 'Best Wellness Centre' -Ministry of Tourism and

India's 1st NABH Accredited AYUSH Hospital for Ayurveda, Homeopathy, Yoga & Naturopathy

Soukya Road, Whitefield, Bangalore - 560 067. Tel: +91 80 28017000-08

Mob: +91 98453 74400 Email: info@soukya.com

കവിത

ഫാ. ഡോ. കെ.എം. ജോർജ്ജ്



(John O'Donohue വിന്റെ കവിതയുടെ വിവർത്തനം)

പുലരി

I

എവിടെയോ ഏതോ മുനമ്പുകളിൽ
രാത്രി തിരിയുന്നു.
ഇരുട്ടിന്റെ തരംഗങ്ങൾ
പുലരിയുടെ തീരങ്ങളിൽ
വെളിച്ചപ്പൊട്ടുകൾ വിതറുന്നു.

ഇരുട്ടായ ഇരുട്ടെല്ലാം
മണ്ണിൽ വീണുടയുന്നു.
വിമോചിതയായ വായു
വെളിച്ചത്തിന്റെ ലഹരിയിൽ ഉന്മത്തയാകുന്നു.
സ്വച്ഛസുന്ദരമായ ശ്വാസത്താൽ
ഹൃദയം നിറയുന്നു.
വിചാരങ്ങൾ നിറഞ്ഞുതുളുമ്പി
നിറങ്ങളെ പ്രസവിക്കുന്നു.

II

ഇന്ന് ഞാൻ എഴുന്നേൽക്കുന്നു,
വാക്കിനൊക്കെയും ഗർഭപാത്രമായ
നിശ്ശബ്ദതയുടെ പേരിൽ

സ്വന്തമായ എല്ലാറ്റിനും വീടായ
നിശ്ചലതയുടെ പേരിൽ

അന്തരാത്മാവിന്റെയും ഭൂമിയുടെയും
ഏകാന്തതയുടെ പേരിൽ.
ഇന്ന് ഞാൻ എഴുന്നേൽക്കുന്നു,
എല്ലാറ്റിനാലും അനുഗ്രഹീതനായി,
ശ്വാസത്തിന്റെ ചിറകുകളിൽ,
കണ്ണുകളുടെ തിളക്കത്തിൽ
ഉൾമന്ത്രണങ്ങളുടെ വിസ്മയത്തിൽ,
സ്പർശനത്തിന്റെ രോമാഞ്ചത്തിൽ,
ആത്മാവിന്റെ അനന്തതയിൽ,
ചിന്തയുടെ തിരത്തള്ളലിൽ,
ആരോഗ്യത്തിന്റെ അത്ഭുതത്തിൽ,
ദൈവത്തിന്റെ ആലിംഗനത്തിൽ.

ഇന്ന് ഞാൻ ജീവിക്കട്ടെ,
ഹൃദയത്തിന്റെ ആർദ്രതയിൽ,
വാക്കിന്റെ സൗമ്യതയിൽ,
ബോധത്തിന്റെ പ്രസാദത്തിൽ,
ചിന്തയുടെ ധൈര്യത്തിൽ,
സ്നേഹത്തിന്റെ ഉദാരതയിൽ.

Letter to the Editor

Dear Editor,

I read with keen interest the recent article "Emulate the Best Practices of Other Countries" published in your esteemed magazine. The reflections on English society - particularly their warmth in greeting strangers, discipline in public spaces, and civic sense in maintaining cleanliness - were both insightful and inspiring.

I wish to commend the author for highlighting these practices, which are simple yet powerful in shaping communal harmony. The emphasis on instilling civic responsibility in children from an early age is especially relevant for us in India, where parental example plays a decisive role in social behaviour.

Such articles serve as gentle reminders that small courtesies and collective responsibility can transform our communities. I appreciate your magazine for bringing these valuable perspectives to readers.

Yours faithfully,

Joe George Kaatumanghat, Chennai.

* * * *

To the Editor,

N.G. Jose's recent reflections on his visit to England offer a vital lesson in social responsibility. I wish to commend Mr. Jose for his keen eye and his ability to translate personal travel experiences into a meaningful blueprint for our own social reform. By highlighting the simple power of a spontaneous smile and the disciplined adherence to public queues, he reminds us that true progress is rooted in character.

His observations on responsible pet ownership and waste management are particularly timely. If we truly want to improve our community living, we must start by instilling these civic values in our children right from the toddler days. It is high time we emulate these best practices to build a more harmonious and orderly society.

Yours sincerely,

John Kuriakose,
38B Lambert Nagar,
Chennai 600087

കവിത

വിശാൽ ജോൺസൺ
(അസി. പ്രൊഫസർ
മലയാളവിഭാഗം, യു.സി. കോളേജ്)

തിരിച്ചറിവ്

റബ്ബറുന്തോട്ടത്തോടു ചേർന്നുള്ള
കെട്ടുമതിലിൽ
പടപടാന്ന് കേറിയിരുന്ന് ഞങ്ങൾ
പടക്കംപോലെ ചോറ്റുപാത്രം തുറന്നു.
ഉച്ചത്തെ ഊണിന്റെ സമയമാണ്.

ആകെ നാല്പത്തിയഞ്ച് മിനിറ്റ്.
പന്തുകളി എന്ന ഒരൊറ്റ ചിന്തയാൽ
കൈവിരലുകൾ ചോറിലേക്കാഴ്ന്നിറങ്ങി.
മൂന്നോ നാലോ കുത്ത് വായിലേക്കിട്ട്,
ബാക്കിയുള്ളത് തോട്ടത്തിലേക്കെറിഞ്ഞു.

കൂടെയുള്ള ചങ്ങാതിയോട്
ദേഷ്യഭാവത്തിൽ ഞാനലറി:
"എറിഞ്ഞ് കളഞ്ഞിട്ട് വാടാ!"
വേഗത്തിൽ ചോറ് വായിലേക്കിട്ട്
ശരവേഗത്തിൽ കണ്ണുരുട്ടിയുള്ള മറുപടി:

"അതേ! എന്റെ അപ്പച്ചൻ
പണി എടുത്തോണ്ടുവന്ന
കാശിനു മേടിച്ച അരിയാ..!
ഇത് തിന്നിട്ടുമതി, എല്ലാം."
തിരിച്ചൊന്നു തർക്കിക്കാൻ പോലു-
മാകാത്തവിധം നാക്കിറങ്ങിപ്പോയി.

അത് ഒരു തിരിച്ചറിവായിരുന്നു.
ഇതുപോലെ മറ്റൊരപ്പച്ചൻ
എന്റെ ചോറിനായുള്ള
പണിയെടുക്കുന്നുണ്ട് എന്ന തിരിച്ചറിവ്.

Bank of India

Relationship beyond banking

ബാങ്ക് ഓഫ് ഇന്ത്യ

യു.സി. കോളജ് ശാഖ, ആലുവ

ടെലഫോൺ : 0484 2603838, 2606491

Mob : 9496310982

- സേവിംഗ്സ് ബാങ്ക് നിക്ഷേപം
- ഹ്രസ്വകാല/ദീർഘകാല
- സ്ഥിരനിക്ഷേപങ്ങൾ
- പ്രവാസി (NRE) നിക്ഷേപങ്ങൾ
- റിക്കറിംഗ് നിക്ഷേപങ്ങൾ
- ഇൻഷുറൻസ് പദ്ധതികൾ
- സ്വർണ്ണനാണയങ്ങൾ

- മുതിർന്ന പൗരന്മാർക്ക് കൂടുതൽ പലിശ
- ATM, BTM, Net Banking സൗകര്യങ്ങൾ
- ഭവന വായ്പ
- വാഹന വായ്പ
- വ്യാപാര വായ്പ
- സ്വർണ്ണപ്പണയ വായ്പ
- കാർഷിക വായ്പ

വിശദവിവരങ്ങൾക്ക് മാനേജരുമായി ബന്ധപ്പെടുക.

Reflections

Dr. Jyothi Mariam John

The Prophecies of Ezekiel

Ezekiel's (BC sixth century) prophecies are about the nation of Israel. Ezekiel describes the coming back of the Israelites from the different parts of the world where they were in exile, forming the nation of Israel. He describes the battles that the nation of Israel has to face. He also speaks about the setting up of a new temple.

These prophecies made by Ezekiel nearly 2600 years ago extend over several chapters of the book, each with specific themes. The formation of the nation of Israel took place in 1948. Israel has been facing battles ever since its formation. The setting up of the new temple is yet to take place. Chapters 35 - 44 of Ezekiel are about the ways of the restoration of Israel.

Chapter 35 is about Seir (the Edomites identified now in Jordan) fighting against Israel. It is the region of the descendants of Esau, twin brother of Jacob. The ancient hostility between the brothers is a known story (Genesis 25: 19-34, 27: 1-46). Ezekiel prophesies that during the end times God will desolate Edom for ever.

In chapter 36 we find God saying that He will restore the remnants of Israel to their homeland after they have been scattered through the countries of the world (verses 24-36) so that "the nations will know that I am the LORD" (23). We can see in the history of the Jews many indications of this prophecy coming true, particularly since 1948.

Chapter 37 of Ezekiel is known for the prophecy about the valley of dry bones. The dry bones may be seen to represent the collective death of a nation. The Lord brought the scattered bones (representing exiles) together and breathed into them. Many consider this to be indicating the revival of Israel.

The Israelites wandered in different countries for many centuries after AD 135 after they were driven away by the Romans. However, they preserved their

language, faith, and heritage. God makes Ezekiel tell the people: "I will take the Israelites out of the nations where they have gone. I will gather them from all around and bring them back into their own land" (Ezekiel 37: 21). This prophecy gave strength to the Jews to believe that they would return to their homeland one day.

